## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1673 31.01.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 ലെ വാർഷിക പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2017-18 ലെ വാർഷിക പദ്ധതിക്ക് 31.03.2017 ന് മുമ്പ് അംഗീകാരം നേടി ഏപ്രിൽ ഒന്നു മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന് നിഷ്കർഷിച്ചിരുന്നോ; | (എ) | വാർഷിക പദ്ധതിയ്ക്ക് (2017-18) മാർച്ച് 31 ന് മുമ്പ് അംഗീകാരം നേടി ഏപ്രിൽ ഒന്നു മുതൽ നിർവഹണം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. തുടർന്ന് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖയിൽ 2017 മെയ് 5 ന് മുമ്പ് വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. |
| (ബി) | ഇത്തു പ്രകാരം നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ പലതിനും പദ്ധതി തുക വിനിയോഗത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ജി.എസ്.ടി വന്നതുമൂലം കരാറുകാരുടെ ആദ്യഘട്ടത്തിലുള്ള നിസ്സഹകരണം, നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മെറ്റീരിയലുകളുടെ ലഭ്യതക്കുറവ്, എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ കുറവ് മുതലായവ പദ്ധതി പ്രവൃത്തികളുടെ പുരോഗതിയെ സ്വാധീനിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം |

| | | | |
|---|---|---|---|
| | | | നേരത്തെതന്നെ തുടങ്ങിയതിനാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് പദ്ധതി തുക വിനിയോഗം 2017-18 ൽ മെച്ചപ്പെട്ട നിലയിലാണ്. |
| (സി)<br><br><br><br><br><br><br>(ഡി) | സർക്കാരിന്റെ ഗുരുതരമായ സാമ്പത്തിക നില പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വിഘാതമായി നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;<br><br>എങ്കിൽ ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് പദ്ധതി വിഹിതം പൂർണ്ണമായി ഉപയോഗിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി)<br>&<br>(ഡി) | തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇതുവരെയുള്ള പദ്ധതി ചെലവ് പുരോഗതി മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടിയ തോതിലാണ്. 2017-18 സാമ്പത്തിക വർഷം അവസാനിക്കുന്നതോടുകൂടി പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി മുൻവർഷങ്ങളിലെപ്പോലെ പദ്ധതി പുരോഗതി അവലോകനങ്ങൾ ഉൾപ്പെടെയുള്ള വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ